പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3464 20.06.2018-ൽ മറുപടി നൽകേണ്ടത്**

**ശിക്ഷാ നടപടിയ്ക്ക് വിധേയരായ പോലീസുദ്യോഗസ്ഥർ**

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |
|---|---|
| എ). ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് സ്റ്റേഷനുകളിൽ മൂന്നാം മുറ പ്രയോഗിച്ചതിനും പോലീസ് കസ്റ്റഡി / ജുഡീഷ്യൽ കസ്റ്റഡിയിൽ പ്രതികൾ മരിച്ച സംഭവത്തിലും എത്ര പോലീസുദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയുണ്ടായെന്ന് വ്യക്തമാക്കാമോ ; | എ). 19 പോലീസുദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| ബി).പ്രസ്തുത പോലീസുദ്യോഗസ്ഥരുടെ പേര് വിവരവും ശിക്ഷാ നടപടിയും വിശദമാക്കുമോ ; | ബി). ഇതു സംബന്ധിച്ച വിശദവിവരം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു. |
| സി).ഇക്കാരണങ്ങളാൽ ശിക്ഷാ നടപടിയ്ക്ക് വിധേയരായ എത്ര പോലീസുദ്യോഗസ്ഥർ സർവ്വീസിൽ തുടരുന്നു; ഏതൊക്കെ പോലീസ് സ്റ്റേഷനുകളിൽ; ഇവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | സി). ശിക്ഷാനടപടിയ്ക്ക് വിധേയരായ 8 പോലീസുദ്യോഗസ്ഥർ സർവ്വീസിൽ തുടരുന്നു; വിശദവിവരം ഇതോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു. |

സെക്ഷൻ ഓഫീസർ

**ബി & സി പിരിവ് ചോദ്യത്തിനുള്ള മറുപടി**

| Sl No | District | Name of the Police Personnel against action taken | Brief of incidents and disciplinary action taken | Present Station |
|---|---|---|---|---|
| 1 | Ernakulam Rural | Santhosh Kumar.P.P, (CPO)<br>Jithin Raj (CPO<br>Sumesh (CPO)<br>Deepak (SI)<br>Crispin Sam (CI)<br>Jayanandan (SI)<br>Sudheer (SCPO)<br>Santhosh (SCPO)<br>Sunil Kumar (SCPO)<br>Sreeraj (CPO) | എറണാകുളം റൂറൽ വരാപ്പുഴ പി.എസ് Cr.No.312/18 എന്ന കേസ്സിലേയ്ക്ക് കസ്റ്റഡിയിലെടുത്ത ശ്രീജിത്ത് എന്നയാൾക്ക് കസ്റ്റഡിയിലിരിക്കെ ശാരീരിക അസ്വാസ്ഥ്യത്തെ തുടർന്ന് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുകയും ചികിത്സയിലിരിക്കേ മരണപ്പെട്ടുപോയ സംഭവത്തിൽ അന്വേഷണ വിധേയമായി പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുള്ളതും വകുപ്പ് തല നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. | ഇപ്പോഴും സസ്പെൻഷനിൽ തുടരുന്നു. |
| 2 | Thrissur City | Sajan (SCPO 6325)<br>Sreejith (CPO 6802) | പാവറട്ടി പോലീസ് സ്റ്റേഷനിൽ നിന്ന് വിട്ടയച്ച വിനായകൻ എന്നയാൾ പിറ്റേ ദിവസം വീട്ടിൽ തൂങ്ങി മരിച്ച സംഭവത്തിൽ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും പിന്നീട് തിരിച്ചെടുക്കുകയും ചെയ്തു. | DCRB, Thrissur City.<br>Control Room, Thrissur City |
| 3 | Malappuram | S.R.Saneesh (SI)<br>P.Manoj Kumar (SCPO 3494)<br>C.Satheesh (CPO 4987) | വണ്ടൂർ പോലീസ് സ്റ്റേഷനിൽ 10.09. 2016 തീയതി കസ്റ്റഡിയിലെടുത്ത അബ്ദുൾ ലത്തീഫ് എന്നയാൾ പോലീസ് സ്റ്റേഷനിലെ കുളിമുറിയിൽ ലുങ്കി ഉപയോഗിച്ച് തൂങ്ങി മരിച്ച സംഭവുമായി ബന്ധപ്പെട്ട് മൂന്ന് പോലീസ്സുകാരെ സസ്പെൻഡ് ചെയ്തിട്ടുള്ളതും ശേഷം തിരിച്ചെടുത്തിട്ടുള്ളതുമാണ്. | Anthikkaad PS – Thrissur Rural<br>Areakode PS – Malappuram<br>Manjeri PS – Malappuram |
| 4 | Kannur | Faisal (SI)<br>Rameshan (Sr) (ASI 4250)<br>Ramachandran (Gr ASI 4170) | 09.10.2016 തീയതി തലശ്ശേരി പോലീസ് കസ്റ്റഡിയിൽ ആയിരുന്ന കാളിമുത്തു എന്നയാൾ രാവിലെ 7 മണിയ്ക്ക് അബോധാവസ്ഥയിലായതിനെ തുടർന്നു ആശുപത്രിയിൽ പ്രവേശിപ്പിച്ചപ്പോൾ മരണപ്പെട്ട സംഭവത്തിൽ ബന്ധപ്പെട്ട മൂന്ന് പോലീസുകാരെ സസ്പെന്റ് ചെയ്തിട്ടുള്ളതും ശേഷം തിരിച്ചെടുത്തിട്ടുള്ളതുമാണ്. | Ernakulam Rural<br>Panoor PS<br>Railway Police Office - TVM |
| 5 | Kasargod | Ratheeshan.K.V (CPO 2265) | ഹോസ്ദുർഗ്ഗ് പോലീസ് കസ്റ്റഡിയിലെടുത്ത പ്രതികളെ മർദ്ദിച്ചു എന്ന കുറ്റത്തിന് ഒരാളെ സസ്പെൻഡ് ചെയ്യുകയും നാളിതുവരെ തിരിച്ചെടുത്തിട്ടില്ലാത്തതുമാകുന്നു | ഇപ്പോഴും സസ്പെൻഷനിൽ തുടരുന്നു. |

(signature)

**സെക്ഷൻ ഓഫീസർ**